# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ.145/2025** **തിരുവനന്തപുരം, തീയതി: 02.07.2025**

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബി.എഡ് പ്രവേശനം – 2025
### കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ കെയുസിടിഇ കോളേജുകളിലേക്കുള്ള ബിഎഡ് പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/കെയുസിടിഇ കോളേജുകളിലേക്കുള്ള 2025-26 അധ്യയന വർഷത്തിലെ ബിഎഡ് പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് അഡ്മിഷൻ വെബ്സൈറ്റിൽ (https://admissions.keralauniversity.**ac.in/bed2025)** പ്രസിദ്ധീകരിച്ചു.

പ്രൊഫൈലിൽ ലോഗിൻ ചെയ്ത് ട്രയൽ അലോട്ട്മെന്റ് പരിശോധിച്ചതിന് ശേഷം ഓപ്ഷനുകൾ ചേർക്കുന്നതും, ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതും ഉൾപ്പെടെയുള്ള മാറ്റങ്ങൾ വരുത്തുന്നതിന് 2025 ജൂലൈ 3 വരെ വിദ്യാർത്ഥികൾക്ക് അവസരം ഉണ്ടായിരിക്കുന്നതാണ്. പ്രൊഫൈലിൽ മാറ്റങ്ങൾ വരുത്തുന്നവർ ആയതിന്റെ പുതിയ പ്രിന്റൌട്ട് തുടർ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്. ട്രയൽ അലോട്ട്മെന്റ് വന്നതിന് ശേഷം വിദ്യാർത്ഥികൾ ഓപ്ഷനുകൾ ഉൾപ്പെടെയുള്ള മാറ്റങ്ങൾ വരുത്തുന്നതിനാൽ ട്രയൽ അലോട്ട്മെന്റിൽ ലഭിച്ച കോളേജുകൾക്കും കോഴ്സുകൾക്കും തുടർന്ന് വരുന്ന അലോട്ട്മെന്റുകളിൽ മാറ്റങ്ങൾ വരുവാൻ സാധ്യതയുണ്ട്. ആയതിനാൽ ട്രയൽ അലോട്ട്മെന്റ് ലഭിച്ചു എന്നുള്ളത് കൊണ്ട് മാത്രം അഡ്മിഷൻ ലഭിക്കണമെന്നില്ല.

ഒന്നാം ഘട്ട അലോട്ട്മെന്റ് 2025 ജൂലൈ 4 ന് പ്രസിദ്ധീകരിക്കുന്നതാണ്. ഷെഡ്യൂൾ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

# ടൈംടേബിൾ

കേരളസർവകലാശാല നടത്തുന്ന എട്ട്, ആറ്, നാല് സെമസ്റ്റർ ബിഎസ്‌സി കമ്പ്യൂട്ടർ സയൻസ് (ഹിയറിംഗ് ഇംപയേർഡ്), ബികോം (ഹിയറിംഗ് ഇംപയേർഡ്) (റെഗുലർ, സപ്ലിമെന്ററി & മേഴ്സിചാൻസ്), ജൂലൈ 2025 ഡിഗ്രി പരീക്ഷകൾ യഥാക്രമം 2025 ജൂലൈ 16, 21, 2025 ആഗസ്റ്റ് 4 എന്നീ തീയതികളിൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

# സൂക്ഷ്മപരിശോധന

കേരളസർവകലാശാല നടത്തിയ ആറാം സെമസ്റ്റർ ബിഎ (സിബിസിഎസ്), ഏപ്രിൽ 2025 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ. V) 2025 ജൂലൈ 3 മുതൽ 11 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

കേരളസർവകലാശാല നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ ബിഎസ്‌സി കമ്പ്യൂട്ടർ സയൻസ്/ബിസിഎ (എസ്ഡിഇ), നവംബർ 2024 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐഡി കാർഡ്/ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ.III) 2025 ജൂലൈ 3 മുതൽ 10 വരെയുള്ള പ്രവൃത്തിദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**